**കൈലാസ്-മാനസരോവർ യാത്ര 2013 - പതിനൊന്നു മുതൽ പതിനാല് വരെയുള്ള ( 11-14) സംഘങ്ങളുടെ യാത്ര ഗവൺമെന്റ് റദ്ദാക്കി**

ശക്തമായ പേമാരിയും വെള്ളപ്പൊക്കവും കാരണം ഉത്തരാഖണ്ഡിലുണ്ടായ സ്ഥിതിവിശേഷങ്ങൾ കണക്കിലെടുത്ത് ഈ വർഷത്തെ (2013) കൈലാസ് മാനസരോവർ യാത്രക്ക് തെരഞ്ഞെടുക്കപ്പെട്ട പതിനൊന്നു മുതൽ പതിനാല് വരെയുള്ള ( 11-14) സംഘങ്ങളുടെ യാത്ര റദ്ദാക്കുവാൻ വിദേശകാര്യ വകുപ്പ് മന്ത്രാലയം തീരുമാനിച്ചു. യാത്ര ചെയ്യുന്ന വഴിയിലെ പ്രധാന പാലങ്ങളായ എലാഗട് , തവാഘട്ട്, കൻജോഡി എന്നിവ ഒലിച്ചു പോകുകയുണ്ടായി. അവ കേടുപാട് തീർത്തു പുന: സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇവയുടെ പുന:സ്ഥാപനത്തിന് ഏകദേശം ഒരു മാസമോ അതിൽ കൂടുതലോ സമയം വേണ്ടിവരുമെന്ന് സംസ്ഥാനത്തെ പ്രാദേശിക ഭരണാധികാരികൾ കണക്കാക്കുകയുണ്ടായി. . ജൂലൈ 2013 അവസാനവാരത്തോടെ നടത്തുന്ന അവലോകനത്തെ തുടർന്ന് മാത്രമേ കൈലാസ് മാനസരോവർ യാത്രയ്ക്കുള്ള പതിനഞ്ചു മുതൽ പതിനെട്ടു വരെയുള്ള സംഘങ്ങളെ അയക്കണോ വേണ്ടയോ എന്നുള്ള തീരുമാനത്തിൽ എത്തുവാൻ സാധിക്കൂ.
ഇതേക്കുറിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമുള്ള യാത്രക്കാർ മന്ത്രാലയത്തിന്റെ ഇ-മെയിൽ sochina@mea.gov.in വഴിയോ ടെലിഫോൺ 23014900 മുഖാന്തിരമോ ബന്ധപ്പെടുക.

ന്യൂ ഡെൽഹി
ജൂലൈ 08, 2013